## കേരള സർക്കാർ ജലവിഭവ വകുപ്പ്

## ദർഘാസ് പരസ്യം

## ഷോർട്ട് നോട്ടീസ്

നം.04/എഇ/എഐഎസ്ഡി/2020-21 തിയ്യതി, 10/08/2020.

ബഹുമാനപ്പെട്ട കേരള ഗവർണ്ണർക്കു വേണ്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അഡീഷണൽ ഇറിഗേഷൻ സബ് ഡിവിഷൻ, തൃശ്ശൂർ താഴെ പറയുന്ന പ്രവൃത്തികൾക്ക് നിശ്ചിത യോഗ്യതയുള്ള സർക്കാർ അംഗീകൃത കരാറുകാരിൽ നിന്നും 14/08/2020 വൈകുന്നേരം 2.00 മണി വരെ മത്സര സ്വഭാവമുള്ള ദർഘാസുകൾ പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുള്ള മുദ്ര വെച്ച കവറുകളിൽ തപാലിൽ രജിസ്റ്റേഡ്/ സ്പീഡ് പോസ്റ്റായി മാത്രം ക്ഷണിച്ചുകൊള്ളുന്നു. തപാലിൽ ഉണ്ടാകാവുന്ന കാലതാമസത്തിന് ഈ വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല. കൊറിയർ സർവ്വീസിലൂടെയും നേരിട്ടും സമർപ്പിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. അന്നേ ദിവസം വൈകുന്നേരം 2.30 മണിക്ക് ഹാജറുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥരോ നിശ്ചിത സമയത്തിനകം ലഭിച്ച ദർഘാസ് കവറുകൾ തുറന്ന് പരിശോധിക്കുന്നതായിരിക്കും. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം അവധിയായിരുന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസുകൾ പരിഗണിയ്ക്കുന്നതാണ്. ദർഘാസുകൾ ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം കരാറുകാർ നിർബന്ധമായും അവരുടെ ഒറിജിനൽ രജിസ്ട്രേഷൻ കാർഡ് ഹാജരാക്കേണ്ടതാണ്.

എസ്റ്റിമേറ്റ് നിരക്കിൽ നിന്നും കുറച്ച് ക്വോട്ട് ചെയ്യുന്ന പ്രവൃത്തികൾക്ക് നിർബന്ധമായും പെർഫോർമൻസ് ഗ്യാരന്റി പുതിയ പി.ഡബ്ല്യൂ.ഡി. മാനുവൽ അനുശാസിക്കുന്ന വിധം വേക്കേണ്ടതാണ്.

തുടരുന്നു............

| ക്രമ നം | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (രൂപ) | നിരത ദ്രവ്യം (രൂപ) | കരാറുകാരന്റെ ക്ലാസ് | പ്രവൃത്തി തീർക്കേണ്ട കാലാവധി | ദർഘാസ് പ്രമാണത്തിന്റെ വില |
|---|---|---|---|---|---|---|---|
| 1. | 05/എഇഇ/ എ. ഐ.എ സ്.ഡി/2020 −21 | ഏങ്ങണ്ടിയൂർ പഞ്ചായത്തിൽ സി പി 1376-ൽ നിന്ന് തെക്കോട്ട് 60 മീറ്റർ നീളത്തിൽ കടൽ തീരത്ത് മണൽ നിറച്ച പോളി പ്രൊപൈലിൻ ബാഗ് കൊണ്ടുള്ള അടിയന്തിര സംരക്ഷണ പ്രവൃത്തി. | 400000/- | 10000/- | ഡി ക്ലാസ്സും അതിനു മുകളിലും | 1 മാസം | 800+10% ST |
| 2. | 06/എഇഇ/ എ. ഐ.എ സ്.ഡി/2020 −21 | ഏങ്ങണ്ടിയൂർ പഞ്ചായത്തിൽ സി പി 1374-ൽ നിന്ന് 80 മീറ്റർ തെക്ക് മാറി തെക്കോട്ട് 55 മീറ്റർ നീളത്തിൽ കടൽ തീരത്ത് മണൽ നിറച്ച പോളി പ്രൊപൈലിൻ ബാഗ് കൊണ്ടുള്ള അടിയന്തിര സംരക്ഷണ പ്രവൃത്തി. | 400000/- | 10000/ - | ഡി ക്ലാസ്സും അതിനു മുകളിലും | 1 മാസം | 800+10% ST |
| 3. | 07/എഇഇ/ എ. ഐ.എ സ്.ഡി/2020 −21 | ഏങ്ങണ്ടിയൂർ പഞ്ചായത്തിൽ സി പി 1376-ൽ നിന്ന് 100 മീറ്റർ തെക്ക് മാറി തെക്കോട്ട് 65 മീറ്റർ നീളത്തിൽ കടൽ തീരത്ത് മണൽ നിറച്ച പോളി പ്രൊപൈലിൻ ബാഗ് കൊണ്ടുള്ള അടിയന്തിര സംരക്ഷണ പ്രവൃത്തി. | 500000/- | 12500/- | ഡി ക്ലാസ്സും അതിനു മുകളിലും | 1 മാസം | 1000+10% ST |
| 4. | 08/എഇഇ/ എ. ഐ.എ സ്.ഡി/2020 −21 | വാടാനപ്പിള്ളി പഞ്ചായത്തിൽ സി പി 1355-ൽ നിന്ന് 70 മീറ്റർ വടക്ക് മാറി വടക്കോട്ട് 150 മീറ്റർ നീളത്തിൽ കടൽ തീരത്ത് മണൽ നിറച്ച പോളി പ്രൊപൈലിൻ ബാഗ് കൊണ്ടുള്ള അടിയന്തിര സംരക്ഷണ പ്രവൃത്തി. | 450000/- | 11250/- | ഡി ക്ലാസ്സും അതിനു മുകളിലും | 1 മാസം | 900+10% ST |

ദർഘാസ് വിൽക്കുന്ന തിയ്യതി : 12/08/2020 കാലത്ത് 10മണി മുതൽ ഉച്ചക്ക് 1 മണിവരെ

ദർഘാസ് സ്വീകരിക്കുന്ന തീയതി : 14/08/2020 ഉച്ച തിരിഞ്ഞ് 2 മണിവരെ

ദർഘാസ് തുറക്കുന്ന തീയതി : 14/08/2020 ഉച്ച തിരിഞ്ഞ് 2.30 മണി

തുടരുന്നു............

ദർഘാസ് പ്രമാണങ്ങളും മറ്റ് വിശദ വിവരങ്ങളും നിശ്ചിത തുക 0701-80-110-99- Revenue Other Receipts എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ അടച്ച് രേഖാമൂലം അപേക്ഷിച്ചാൽ താഴെ ഒപ്പിട്ടിരിക്കുന്ന ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ പരസ്പരം കൈമാറാൻ പാടില്ലാത്തതാകുന്നു. ദർഘാസുകളോടൊപ്പം 250/- രൂപയുടെ (ഇരുനൂറ്റി അമ്പത് രൂപ) മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പിട്ടു അടക്കം ചെയ്തിരിക്കേണ്ടതാണ്. നിരതദ്രവ്യം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയ്ക്കുള്ളതും അദ്ദേഹത്തിന് ഏതുസമയത്തും മാറത്തക്കവിധത്തിൽ അധികാരപ്പെടുത്തിയതുമായിരിക്കണം.

പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കെട്ടി വെക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്. 1989 ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമ ഗ്രന്ഥത്തിലെ (2) വകുപ്പ് അനുസരിച്ച് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ നിർമ്മാണ പ്രവൃത്തികളുടെ മൊത്തം ചിലവിന്റെ 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേക്ക് നൽകുവാനും ബാധ്യസ്ഥനാണ്.

കേരള പൊതുമരാമത്ത് വകുപ്പിലേയും ജലവിഭവ വകുപ്പിലെയും ദർഘാസുകളെ സംബന്ധിച്ചുള്ള എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ അന്വേഷിച്ച് അറിയാവുന്നതാണ്.

കരാറുകാരുടെ യോഗ്യത ഡി ക്ലാസ്സും അതിനു മുകളിലും.

അഡീഷണൽ ഇറിഗേഷൻ സബ് ഡിവിഷൻ,
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
തൃശ്ശൂർ: 680 020.
തിയ്യതി: 10/08/2020.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.
കേരള ഗവർണർക്കുവേണ്ടി.

<u>പകർപ്പ്:</u>

1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ സെൻട്രൽ സർക്കിൾ തൃശ്ശൂരിന്റെ അറിവിലേക്കായി സമർപ്പിക്കുന്നു.
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, അഡീഷണൽ ഇറിഗേഷൻ ഡിവിഷൻ, തൃശ്ശൂരിന്റെ അറിവിലേക്കായി സമർപ്പിക്കുന്നു.
3. അസിസ്റ്റന്റ് എഞ്ചിനീയർ ഇറിഗേഷൻ സെക്ഷൻ, ഒല്ലൂക്കരയുടെ അറിവിലേക്കായി അയക്കുന്നു.
4. ഹെഡ് ക്ലർക്ക്.
5. വർക്ക് ഫയൽ.
6. നോട്ടീസ് ബോർഡ്